**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3289** **01-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി കേരള നിയമസഭ പാസ്സാക്കിയ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം-2021-ന്റെ അടിസ്ഥാനത്തിൽ, 2023 ജനുവരി 1 മുതൽ പ്രാബല്യത്തിൽ ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകുവാനുള്ള ഉയർന്ന പ്രായപരിധി, അംശദായം എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | പതിനെട്ട് വയസ്സ് പൂർത്തിയായതും എന്നാൽ അമ്പത്തിയഞ്ച് വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തവരുമായ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അല്ലെങ്കിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലോ മുൻസിപ്പൽ കോർപ്പറേഷനുകളിലോ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും, അംഗത്വത്തിന് അപേക്ഷിക്കുന്ന വർഷമോ അതിനു തൊട്ടുമുമ്പുള്ള രണ്ടു വർഷങ്ങളിൽ ഏതെങ്കിലും ഒരു വർഷമോ കുറഞ്ഞത് ഇരുപത് ദിവസമെങ്കിലും അവിദഗ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതുമായ ഏതൊരു തൊഴിലുറപ്പ് തൊഴിലാളിയ്ക്കും ക്ഷേമനിധി പദ്ധതിയുടെ ഒരംഗമായി രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ നൽകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ക്ഷേമനിധിയിൽ അംഗമായിട്ടുള്ള ഓരോ തൊഴിലാളിയും പ്രതിമാസം അമ്പത് രൂപ അംശദായം നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രായപരിധി അപ്രായോഗികമായ സാഹചര്യത്തിൽ 60 വയസ്സുകഴിഞ്ഞവർക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രായ പരിധി അപ്രായോഗികം ആണെന്ന് വിലയിരുത്തിയിട്ടില്ല. ആയതിനാൽ 60 വയസ്സ് കഴിഞ്ഞവർക്ക് അംഗത്വ നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ